# ശ്രീ ദക്ഷിണാമൂർത്തി സ്തോത്രം

## ജഗദ്ഗുരു ശ്രീ ശങ്കരാചാര്യ സ്വാമികളാൽ വിരചിതമായ ഒരു പ്രകരണ ഗ്രന്ഥം

**8 പദ്യങ്ങൾ ഉള്ളതുകൊണ്ടും, സ്തോത്രമായി സ്തുതിക്കുന്നതുകൊണ്ടും, ഉപനിഷത്തിന് സമാനമായിട്ട് ബ്രഹ്മസത്യം ജഗന്മിഥ്യ എന്ന മഹാവാക്യത്തിന് സദൃശ്യമായിട്ടുള്ള വ്യാഖ്യാന മായതുകൊണ്ടും, ഈ ഗ്രന്ഥത്തെ ശ്രീ ദക്ഷിണാമൂർത്തി അഷ്ടകം/ശ്രീ ദക്ഷിണാമൂർത്തി ഉപനിഷത് എന്നും പറയുന്നു.**

ഒരുപാട് സ്തോത്രങ്ങളും കൃതികളും നമ്മുടെ പൂർവ്വികന്മാര് നമ്മെ അനുഗ്രഹിക്കാൻ വേണ്ടി അതത് കാലത്ത്, ഈ താത്പര്യത്തെ, ഋഷി ഏതേത് സത്യത്തെയാണോ കണ്ടെത്തിയത്, ആ കണ്ടെത്തലിലൂടെ അവർ കൈവരിച്ച ആനന്ദം വരുംതലമുറയ്ക്കും നുകരുവാൻ സാധിക്കട്ടെ എന്ന കാരുണ്യത്തിൽ നിന്നാണ് ഇത്തരം ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ളത്. ഈ ഗ്രന്ഥത്തിൽ ഞാൻ ആരാണ്? ഈ പ്രപഞ്ചം എന്താണ്? ഇവ തമ്മിലുള്ള ബന്ധം എന്താണ്? ഇത് അറിയുന്ന തുകൊണ്ടുള്ള നേട്ടം എന്താണ്? ഇത്യാദി കാര്യങ്ങളാണ് പറയുന്നത്.

(1)

വിശ്വം ദർപ്പണ ദൃശ്യമാന നഗരി തുല്യം നിജാന്തർഗതം
പശ്യന്നാത്മനിമായയാബഹരിവോത് ഭൂതം യഥാ നിദ്രയാത്
യത് സാക്ഷാത് കുരുദേ പ്രബോധസമയേ സ്വാത്മാനമേവാദ്വയം
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമയിതം ശ്രീ ദക്ഷിണാമൂർത്തയേ

പദം മുറിച്ചെഴുതുമ്പോൾ – ദർപ്പണ ദൃശ്യമാന നഗരി തുല്യം, നിജാഗർഗതം, വിശ്വം യഥാ നിദ്രയാത്, തഥാ, ആത്മനിമായയാ ബഹഹി ഇവ, പശ്യൻ, പ്രബോധസമയേ, അദ്വയം സാത്മാനം ഏവ, യ, സാക്ഷാത് കുരുദേ, തസ്മൈ ശ്രീ ഗുരുമൂർത്തയേ, ദക്ഷിണാമൂർത്തയേ ഇദം നമഃ

അർത്ഥം – വിശ്വം നിജാന്തർഗതം = ഈ വിശ്വം തന്റെ ഉള്ളിലാണ്. ഞാൻ ശരീരമല്ല, ബുദ്ധിയ ല്ല, അഹങ്കാരമല്ല എന്ന അറിവിലേക്ക് ഒരു ഉണരല് ഉണ്ട്. സ്വ സ്വരൂപത്തെ അനുസന്ധാനം ചെയ്ത് ഉറപ്പുവരുത്തണം. (സൂര്യ ചന്ദ്ര നക്ഷത്രാദികൾ ഉൾപ്പെടുന്ന ഈ മഹാ ഗാലക്സി എന്റെ അകത്താണെന്നു പറയുമ്പോൾ, അതെങ്ങിനെ എന്റെ അകത്താകും എന്ന് ചോദിക്കുന്ന ത്, ശരീര മനോ ബുദ്ധി ഉപാധികളിൽ അഭിമാനിക്കുന്ന ഞാൻ എന്ന അഹങ്കാരമാണ്. അതു കൊണ്ടാണ് മനസ്സിലാവാൻ ബുദ്ധിമുട്ട്). ആചാര്യ സ്വാമികൾ പറയുന്നു –

*മനോബുദ്ധ്യഹങ്കാരചിത്താനിനാഹം*
*നശ്രോത്രജിഹ്വേ നജഗ്രാണനേത്രേ*
*നജവ്യോമഭൂവിർ നതേജോനവായു*
*ചിതാനന്ദരൂപ ശിവോഹം ശിവോഹം*

ദർപ്പണ ദൃശ്യമാനനഗരി തുല്യം = കണ്ണാടിയിൽ കാണപ്പെടുന്ന പട്ടണം പോലെ, ആത്മനി = ആത്മാവിൽ (ബോധത്തിൽ), മായയാ = മായയാൽ (അജ്ഞാനം ഹേതുവായി), ബഹിഹി ഉദ്ബോധം = പുറത്ത് ഉള്ളതുപോലെ തോന്നുന്നു, യഥാ നിദ്രയാ = ഉറക്കത്തിൽ എപ്രകാരമാ ണോ, തഥാ = അപ്രകാരത്തിൽ, പശ്യൻ = തോന്നുന്നു, പ്രബോധസമയേ = ഉണരുന്ന വേള യിൽ (എല്ലാറ്റിൽ നിന്നുമുള്ള ഉണർച്ച/നാമരൂപാതികളിൽ നിന്നുള്ള ഉണർച്ച. നിദ്രയെ അജ്ഞാനം എന്നു തന്നെയാണ് ആചാര്യന്മാർ പറയുന്നത്), ആത്മാനം ഏവ = തന്നെതന്നെ, അദ്വയം = രണ്ടില്ലാതെ (തന്നിൽ നിന്നന്യമായി ഒന്നും താൻ കണ്ടിട്ടില്ല എന്ന് അറിയുന്നവനായി ത്തീരും), അങ്ങനെയിരിക്കുന്ന സമർത്ഥന്, ദക്ഷിണാമൂർത്തിക്ക് പ്രണാമം. ദക്ഷിണാമൂർത്തി = ദക്ഷിണഃ അമൂർത്തി (രൂപമില്ലാത്തത്). ആ രൂപമില്ലാത്ത ബോധത്തിനായിക്കൊണ്ട് എന്റെ പ്രണാമം.

നാമരൂപം സത്യമാണ് എന്ന് കരുതുന്നത് തന്നെ അജ്ഞാനം. ഈ അജ്ഞാനത്തെ ഇല്ലാതെയാക്കാനുള്ള പ്രക്രിയയെയാണ് ധ്യാനം എന്നു പറയുന്നത്. വിശ്വേശ്വരനെ/ബോധത്തെ ആരറിയുന്നു, അവൻ നാമരൂപാദികളിൽ നിന്ന് വിട്ടുപോകുന്നു. ആരാണ് ലോകത്തിലെ ബന്ധനങ്ങളെ ഛേദിക്കുന്നത്, അവൻ മായയെ തരണം ചെയ്യുന്നു (ബന്ധനങ്ങളെല്ലാം സത്യമാണ് എന്നു കരുതുന്നത് വേറൊരു മായ/അജ്ഞാനം).
സാരം: ഈ വിശ്വത്തിന്റെ നിലനിൽപും, ആ നിലനിൽപിന്റെ ആധാരത്തെ അന്വേഷിച്ചു പോയ്ക്കഴിഞ്ഞാൽ, തന്നിൽ നിന്നന്യമായി ഒന്നുമില്ലായെന്നും, തന്നിൽ നിന്നന്യമായി തോന്നുന്നത് അജ്ഞാനം ഹേതുവായിട്ടാണെന്നും, ആ അജ്ഞാനത്തെയാണ് മായ എന്നു പറയുന്നതെന്നുമാണ് ഒന്നാമത്തെ ശ്ലോകത്തിൽ പറയുന്നത്.
*മായ – അന്വേഷിച്ചാൽ ഇല്ലാത്തതും, അന്വേഷിക്കാത്തിടത്തോളം കാലം ഉള്ളതും.*

“നിങ്ങൾ ശരീരമാണ് എന്നു വിചാരിക്കുമ്പോൾ, നിങ്ങൾ ഈ പ്രപഞ്ചത്തിൽ നിന്നും വേറിട്ടു നിൽക്കുന്നു – വിവേകാനന്ദൻ ”. പ്രപഞ്ചം വേറെ ഞാൻ വേറെ എന്ന് എന്നെക്കൊണ്ട് അനുഭവിപ്പിക്കുന്നതിന് കാരണമായി ഭവിച്ചിരിക്കുന്നത് ആ അജ്ഞാനമാണ്.
*വ്യവഹാരത്തിൽ ഞാനുണ്ട്, പരമാർത്ഥീക സത്യത്തിൽ ഞാനില്ല.*

(2)

ബീജസ്യ അന്തഃ ഇവ അങ്കുരഃ ജഗദ് ഇദം പ്രാക് നിർവ്വികല്പം പുനഃ
മായാ കല്പിത ദേശകാല കലനാ വൈചിത്രചിത്രീകൃതം
മായാവി ഇവ വിജ്രംഭയതി അഭിയഃ സ്വേഛയാ
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

ഇദം ജഗദ് = ഈ വിശ്വം (ഉണ്ടായി, നിലനിന്ന്, ഇല്ലാതെയാകുന്നതിനെയാണ് ജഗത് എന്നു പറയുന്നത്), പ്രായ് = മുമ്പ് (ഈ ജഗത് ആവിർഭവിക്കുന്നതിന് മുമ്പ്), നിർവികല്പം = യാതൊരു വികല്പവും ഇല്ലാത്തതായിരുന്നു, ബീജസ്യ അന്തഃ = വിത്തിന്റെ ഉള്ളിൽ, അങ്കുരഃ ഇവ = മുള പോലെ (വിത്തിനകത്ത് എപ്രകാരം മുള അന്തർലീനമായി നിലകൊള്ളുന്നുവോ – വിത്തിൽ ഒരു പൂർണ്ണ വൃക്ഷത്തിന്റെ എല്ലാമുണ്ട്), പുനഃ = പിന്നെ, മായാ കല്പിത = മായയാൽ കല്പിതമാർന്ന, ദേശകാല = ദേശവും കാലവും, കലനാ വൈചിത്രചിത്രീകൃതം = അങ്ങേയറ്റം വിചിത്രമായ സ്വഭാവത്തോടുകൂടി, മായാവി ഇവ = എങ്ങിനെയാണോ ഒരു ഇന്ദ്രജാലക്കാരൻ ഇന്ദ്രജാലം ഉണ്ടാക്കുന്നത്, മഹായോഗീ ഇവ = അഥവാ ഒരു മഹാനായ യോഗി എന്നപോലെ, സ്വേച്ഛയാത് = സ്വന്തം ഇച്ഛയാൽ/ആഗ്രഹത്താൽ വിജ്രംഭയതി = അതിനെ പ്രകടമാക്കുന്നത്, അങ്ങനെ പ്രകടമാക്കി പ്രകാശിപ്പിച്ച ആ ഗുരുമൂർത്തിക്കായിക്കൊണ്ട് നമസ്കാരം.
*ഈ പ്രപഞ്ചത്തെത്തന്നെ പ്രകടമാക്കുന്നത് ഞാൻതന്നെയാണ്.*

(3)

യസ്സേവ സ്പുരണം സദാത്മകസദ് കല്പാർത്തകം ഭാസതേ
സാക്ഷാത് തത്വമസി ഇതി വേദവചസാ യോബോധയത്യാശ്രിതാൻ
യത് സാക്ഷാത്കരണാഭവേന്ന പുനരാവർത്തിർ ഭവാംബോന്നിധൗ
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

പദഛേദം: യസ്യ ഏവസ്പുരണം സദാത്മകം, അസദ് കല്പാർത്തകം ഭാസതേ, സാക്ഷാത് തത്വം അസി യഹാ ബോധേതി ആശ്രിതാൻ, യദ് സാക്ഷാത്കരണാത് ഭവേദ് ന പുരാണേ ആവിർത്തേ ഭവാ ബോന്നിധൗ, തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ.

യസ്യ = യാതൊരുവന്റെ, സദാത്മകം ഏവ സ്പുരണം = സദ്ഭാവമായ ആ സ്പുരണം/ആ അറിവ്, ഏവ = അതുതന്നെ, അസദ് കല്പാർത്തകം = ഇല്യാത്തതായിട്ടുള്ള/ഇല്യാത്തവയ്ക്ക് സദൃശ്യങ്ങളായി (നാമവും, രൂപവും), ഭാസതേ = അങ്ങനെ പ്രകാശിക്കുന്നുവോ, യഹാ ആശ്രിതാൻ = ഇവിടെ ആശ്രയിക്കുന്നവരെ, തദ് ത്വം അസി = അത് നീയാകുന്നു, ഇതി വേദവചസാ = അത് സാക്ഷാത് ആയിട്ട് തന്നിൽ നിന്ന് അന്യമല്ലാതെ ബോധിക്കുന്നു, യദ് സാക്ഷാദ്കരണാത്

= യാതൊന്നിന്റെ സാക്ഷാത്കാരം ഹേതുവായിട്ടാണോ, ഭവാം ബോന്നിധൗ = ഈ സംസാരസാഗരത്തില്, ന പുനഃ ആവർത്തിഃ = വീണ്ടും ഒരു വരവ് ഉണ്ടാകുന്നുല്ല.

സാരം: യാതൊരുവന്റെ/അവന്റെ പ്രകാശമാണ് ഈ വിശ്വം മുഴുവനും പ്രകാശിക്കുന്നത്, അതിൽ ഇല്ലാത്തതായിട്ടുള്ള പലതും ഉള്ളതായിട്ട് തോന്നും, അതാണ് മായ. തത്വമസി മഹാവാക്യം ഉപദേശിക്കപ്പെട്ടിട്ടുള്ള വേദത്തിലെ ഈ മഹാവാക്യം, എങ്ങിനെയുള്ളവന് ഉപദേശിച്ചു, ആ ഉപദേശത്തിന്റെ ഫലമായി സാക്ഷാത്കരിക്കുന്ന ആ സത്യം, ആരുടെ അനുഗ്രഹം കൊണ്ട് സാക്ഷാത്കരിക്കുന്നു, ആ ഗുരുമൂർത്തിക്കായിട്ട് നമസ്കാരം.

(4)

നവദ്വാരേപുരേ ദേഹി = 9 ദ്വാരങ്ങളുള്ള ഒരു കുടത്തിനകത്തിരിക്കുന്ന ഒരു ചിരാത് (9 ദ്വാരങ്ങളുള്ള ഒരു മൺപാത്രമാണ് നാം), ഈ ചിരാതാണ് ബോധം. ഈജ്യോതി 9 ദ്വാരങ്ങളിലൂടെ പുറത്തേക്കു വരുന്നു. കണ്ണിന് കാഴ്ചയായി, കാതിന് കേൾവിയായി.......... ആ ചിരാത് കെട്ടാൽ എല്ലാം കഴിഞ്ഞു, ജാനാമി ഇതി = ഞാൻ അറിയുന്നു, ഭാന്തം തം ഏവഃ = പ്രകാശിക്കുന്ന അവൻ തന്നെ. സമസ്ഥം ഏദത് ജഗത് = അതിനെ പിൻതുടർന്നുകൊണ്ട് എല്ലാം അതിന്റെ നിലക്ക് പ്രകടമാകുന്നു. ദേഹത്തിന് (പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ് ഈ ശരീരം) 6 വിധത്തിലുള്ള പരിണാമങ്ങൾ സംഭവിക്കുന്നുണ്ട്. അസ്തി, ജായതേ, വർദ്ധതേ, വിപരീണമതേ, അപക്ഷീയതേ, വിനശ്യതി ഇതി. ഞാൻ ശരീരമാണ്, മനസ്സാണ്, ഇളകുന്ന ബുദ്ധിയാണ്, ഞാൻ ഒന്നുമില്ലായ്മയാണ് ... അവര് വിവരമില്ലാത്ത സ്ത്രീകൾ, വൃദ്ധർ, കുട്ടികൾ, അന്ധന്മാർ, ഇവരൊക്കെയാണ്. മായാശക്തി കൊണ്ടും, അതിന്റെ കല്പന കൊണ്ട് ഉണ്ടായിട്ടുള്ള മഹാവ്യാമോഹത്തേയും സംഹരിക്കുന്ന ദക്ഷിണാമൂർത്തിക്ക് എന്റെ നമസ്കാരം.

(5)

രാഹകേതു ദിവാകരേന്ദു സദൃശഃ മായാ സമഛാദനാത്
സൻമാത്ര സകരോണ സംഭരന്നതഃ യഹ അഭൂത് സുഷുപ്തപുമാൻ
പ്രാക് അപ്സ്വാസ്യം ഇതി പ്രബോധസമയേ പ്രത്യഭിജ്ഞായതേ
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

യഹ പൂമാൻ = യാതൊരു ബോധമാണോ, കരണോപ സംഗരണതഃ = ജ്ഞാനേന്ദ്രിയങ്ങളുടെ നിയമനം, സൻമാത്ര = സൻമാത്രയിൽ/സത് മാത്ര, മായാ സമാഛാദനാത് = അവിദ്യയാൽ മറയ്ക്കപ്പെട്ടതിനാൽ, രാഹകേതു ദിവാകരേന്ദു സദൃശഃ = രാഹുവാൽ ഗ്രസിക്കപ്പെട്ട സൂര്യചന്ദ്രന്മാരെപ്പോലെ സുഷുപ്തിയെ പ്രാപിച്ചവനായിരിക്കുന്നുവോ, യാതൊരുവനാണോ പ്രബോധസമയത്ത് (ഉണർവ്വില്) ഉണരുന്നത് (തുരീയം = നാലാമത്തെ), പ്രാക് അപ്സ്വാസ്യം ഇതി = മുൻപ് ഞാൻ ഉറങ്ങിയിരുന്നു എന്നറിയുന്നത് (പ്രഭാത സമയത്ത് ഉണരുമ്പോൾ, ഞാൻ ഉറങ്ങുകയായിരുന്നു എന്ന് ആരാണോ അറിയുന്നത്), തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ.

(6)

ബാല്യാദിഷു അപി ജാഗ്രതാദിഷു തഥാ
സർവ്വാസു അവസ്ഥാസു അപി വ്യാവൃത്താസു അനുവർത്തമാനം
അഹം ഇതി അന്തസപുരന്തം സദാസാത്മാനം പ്രകടികരോതി
ഭജതാം യഹ ഭദ്രയാം മുദ്രയാം
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

വ്യാവൃത്താസു = വന്നുപൊയ്ക്കൊണ്ടിരിക്കുന്ന ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്ക്യം ഇത്യാദി അവസ്ഥാഭേദങ്ങള്, അതുപോലെതന്നെ ജാഗ്രത്, സ്വപ്നം, സുഷുപ്തി ഇത്യാദികള്, സർവ്വാസു അവസ്ഥാസു = എല്ലാ അവസ്ഥകളിലും അനുവർത്തമാനം = അനുവർത്തിച്ചുകൊണ്ടിരിക്കുന്നതും, സദാ അന്ത അഹം ഇതി സ്പുരന്തം = ഇവിടെയൊക്കെ പ്രകാശിച്ചുകൊണ്ടിരിക്കുന്നതുമായ ഒന്നുണ്ട് – അഹം ഇതി. ആ ബോധസ്വരൂപത്തെ യാതൊരുവനാണോ,

ഭദ്രയാ മുദ്രയാ = ഭദ്രമായ ശോഭനമായ മുദ്രയാൽ (ചിന്മുദ്രയാൽ) ശോഭിപ്പുക്കുന്നത്, ആ ബോധവസ്തുവിനായിക്കൊണ്ട് നമസ്കാരം.

സാരം: ഏതൊരു ജീവനും ഏതൊക്കെ അനുഭവങ്ങളിലൂടെയാണ് കടന്നു വരുന്നത്, ഈ അനുഭവ ദശകളെ അവസ്ഥാരൂപങ്ങളായി എണ്ണി, അതിൽ ബാല്യമെന്നും കൗമാരമെന്നും യൗവ്വനമെന്നും, ഒപ്പം നാം അനുഭവിക്കുന്ന പ്രപഞ്ചാനുഭവങ്ങളെ, ആ പ്രപഞ്ചാനുഭവങ്ങളിൽ ഞാൻ എന്ന അഹംബോധത്തെ കോർത്തിണക്കിക്കൊണ്ട്, ഞാൻ ഈ വിശ്വത്തെ അനുഭവിക്കുന്നു. ആരാണോ ഗഢസുഷുപ്തിയിൽ ഞാൻ ഒന്നും അറിഞ്ഞില്ല എന്നു പറഞ്ഞത്, ഏതൊരു ഞാനാണോ ജാഗ്രത് അവസ്ഥയിൽ ഇതിനെയൊക്കെ കണ്ടു, കേട്ടു, രുചിച്ചു.. എന്നൊക്കെ പറഞ്ഞത്, ഏതൊരു ഞാനാണോ സ്വപ്നം കണ്ടത്, ഈ ബോധസ്വരൂപനായിക്കൊണ്ട് നമസ്കാരം.

(7)

വിശ്വം പശ്യതി കാര്യകാരണദയാ സ്വസ്വാമി സംബന്ധതഃ<br>
ശിഷ്യാചാര്യതയാ തഥൈവ പിതൃപുത്രാദ്ധ്യാത്മനാ ഭേദതഃ<br>
സ്വപ്നേ ജാഗ്രതി വാ യ ഏഷ പുരുഷഃ മായയാ പരിഭ്രാമിതഃ<br>
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

പുരുഷഃ = പൂർണ്ണനായവൻ (വേതാന്ത ശാസ്ത്രത്തിൽ പുരുഷൻ എന്ന ശബ്ദം പുരത്തിൽ ശയിക്കുന്നവൻ എന്ന ഭാവത്തിലാണ്. അതുപോലെ പൂർണ്ണനായിരിക്കുന്നവൻ എന്നും. അപൂർണ്ണതാബോധം കാത്തുസൂക്ഷിക്കാത്തവരെല്ലാം പുരുഷന്മാരാണ്), പൂർണ്ണൻ എന്നതിന് ഇനിയും പല അർത്ഥങ്ങളുണ്ട്. 1. താൻ ബ്രഹ്മമാണ് എന്ന അറിവിലേക്കുണരാൻ യോഗ്യനായിട്ടുള്ളവൻ. 2. സ്ത്രീപുരുഷ ഭാവത്തിലെ സ്ത്രീഭാവം കൂടി പ്രകടമാക്കിക്കഴിഞ്ഞാൽ പൂർണ്ണനായി. ആ നിലയിൽ, മാനുഷിക ഭാവം നൽകിയ ഈശ്വരന്മാരിൽ ശ്രീകൃഷ്ണനാണ് പൂർണ്ണൻ. മായയാ പരിഭ്രാമിതഃ = മായയാൽ പരിഭ്രമിക്കപ്പെട്ടവനായിട്ട്, യേഷഃ = ഇവൻ, വിശ്വം പശ്യതി കാര്യകാരണദയാ = ലോകത്തെ കാര്യകാരണ സംബന്ധമായി വിലയിരുത്തുന്നു. ഉദാ: എന്റെ സ്വാമിയാണ്, ശിഷ്യനും ആചാര്യനും, പിതാവ് പുത്രൻ ഇത്യാതി ബന്ധങ്ങളാണ് ലോകത്തിൽ ഉള്ളത്. ഇതെല്ലാം മായയാലുള്ള പരിഭ്രാന്തിയാണ്. പിന്നെ ഗുരുവുമില്ല, ശിഷ്യനുമില്ല, പിതാവുമില്ല, പുത്രനുമില്ല. തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ. ആ ബോധസ്വരൂപനായിക്കോണ്ട് നമസ്കാരം.

*ഒരിക്കൽ ഹനുമാൻ പറഞ്ഞു –*<br>
*ദേഹബുദ്ധ്യാതൊ ദാസോഹം, ജീവബുദ്ധ്യാതൊ അംശകഃ, ആത്മബുദ്ധ്യാ ത്വമേവാഹം.*<br>
*അർത്ഥം : ദേഹബുദ്ധിയാൽ ഞാൻ ദാസനാണ്, ജീവന്റെ നിലവാരത്തിലൊ ഞാൻ അംശനാണ്, പരമാർത്ഥിക തലത്തിൽ ഞാൻ തന്നെയാണ് അങ്ങ്.*

(8)

ഭൂ അമ്പാസി അനലഃ അനിലഃ അംബരഃ അഹർനാഥ ഹിമാംശു പുമാൻ<br>
ഇതി ആഭാതി ചരാചരാത്മകം ഇദം യസ്യ ഏവ മൂർത്ത്യഷ്ഠകം<br>
ന അന്യത് കിഞ്ചന വിദ്യതേ വിമർശതാം യസമാദ് പരസ്മാത് വിഭോ<br>
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമഃ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

ഭൂമി, ജലം, അഗ്നി, വായു, ആകാശം, സൂര്യൻ, ചന്ദ്രൻ, പുരുഷൻ (ജീവൻ) ഇതാണ് അഷ്ടമൂർത്തി. ക്രമത്തിൽ പറയുകയാണെങ്കിൽ – ആകാശം – വായു – അഗ്നി – ജലം – ഭൂമി എന്നിങ്ങനെയാണ് ഉത്പന്നമായതെന്ന് വേദം പറയുന്നു. ഭൂമി – ഔഷധികള് (മേഘങ്ങളിൽ നിന്ന്, മഴയിൽ നിന്ന്) – അന്നം – പുരുഷൻ. ഈ 8 പ്രകാരത്തിലുള്ള എന്റെ പ്രകൃതി എങ്ങും ശോഭിക്കുന്നു/വിലസുന്നു. അതിൽ, വിമർശിതാം = ചിന്തിക്കുന്നവർക്ക്, പരസ്മാദ് വിഭോ = പരമകാരണമായട്ട് വിവിധ ആകൃതികൾ പ്രാപിച്ചതായിട്ട് അവനറിയുന്നു. യസ്മാദ് ന അന്യത്

കിഞ്ചന വിദ്യതേ = യാതൊരുവനിൽ നിന്നന്യമായി ഒന്നും തന്നെയില്ല എന്ന് ആരറിയുന്നു. *പ്രകൃതിയാണ് ഈശ്വരൻ.*

*ഫലശ്രുതി:*

സർവ്വാത്മത്വമിതി സ്പുടികൃതമിതം യസ്മാതമുഷ്മിൻസ്ഥവേ
തേനാസ്യശ്രവണാർത്ഥമർത്ഥമദനാത് ധ്യാനാർത്ഥ സങ്കീർത്തനാത്
സർവ്വാത്മത്വ മഹാവിഭൂതിസഹിതം സ്യാതീശ്വരത്വം സ്വതഃ
സിദ്ധീർ തത് പുനരഷ്ടധാ പരിണതം ച ഐശ്വര്യമവ്യാഹതം

അർത്ഥം: അഷ്മിൻസ്ഥവേ ഇദം സർവ്വാത്മത്വം = ഇപ്രകാരം ഈ സ്തോത്രത്തിൽ സ്തുതിക്കപ്പെട്ടിട്ടുള്ള ആ പ്രതീകാത്മാവിന്റെ സ്വരൂപത്തെക്കുറിച്ചുള്ള വിവരണം സ്പുടീകൃതം = സ്പഷ്ടമാക്കപ്പെട്ടു എന്ന കാരണം കൊണ്ടുതന്നെ, തേന അസ്യശ്രവണാത് = അതിന്റെ ശ്രവണം കൊണ്ട്, തദർത്ഥമനസാ = അതിന്റെ സാരത്തെ ഗ്രഹിക്കുന്നതിലൂടെ, ധ്യാനാത് = ധ്യാനം കൊണ്ടും, സങ്കീർത്തനാത് = സങ്കീർത്തനം കൊണ്ടും (ബോധിച്ചതിനെ സഹജരുമായി പങ്കുവയ്ക്കുന്നതുകൊണ്ടും), സർവ്വാത്മത്വ മഹാവിഭൂതിസഹിതം = സർവോത്ഭാവമാകുന്ന ആ മഹാ വിഭൂതി സഹിതമായിട്ടുള്ള ഈശ്വരത്വം സ്വതഃ = ഈശ്വരഭാവമാകുന്ന നിത്യത ഭവിക്കും, പുനഃ അഷ്ടതാ പരിണതം = ആ അഷ്ട ഐശ്വര്യങ്ങളും വന്നു ചേരും.

**ശുഭം**

*mbsukumaran@gmail.com*